വാക്ക് കൊടുത്തിരുന്നു. അത് നടപ്പിലാക്കുന്നതിനുവേണ്ടി ഏതാണ്ട് 28-ലധികം അധിക അഡീഷണൽ പോസ്റ്റ്സ് അവിടെ നൽകിയിട്ടുണ്ട്. അതിനുപുറമേ ന്യൂറോസർജറി വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടി നേഴ്സുകളുടെ തസ്തികയുൾപ്പെടെ 16-ലധികം തസ്തിക ആ വിഭാഗത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി ഈ ഗവൺമെൻറിനെക്കൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. കോഴിക്കോട്ടെ ജനപ്രതിനിധികളും ആശുപത്രി വികസന സമിതിയുടെ ഉന്നയിച്ച ആവശ്യങ്ങളിൽ 99% വും അനുവദിക്കാൻ ഗവൺമെൻറ് തയ്യാറായി, യഥാസമയം അതിനുവേണ്ട നടപടി സ്വീകരിച്ചുകഴിഞ്ഞു. പക്ഷേ പ്രായോഗികമായ ചില കാരണങ്ങളാൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ ലഭിക്കാത്തതുകൊണ്ട് ചില കാര്യങ്ങൾ നടപ്പാക്കുന്നതിന് അൽപ്പംകൂടി സാവകാശമെടുക്കും. ഗവൺമെൻറ് ചെയ്യേണ്ടത് യഥാസമയം ചെയ്തുവെന്ന് ബഹുമാനപ്പെട്ട ശ്രീ. മുനീറിനെയും, ശ്രീ. സി. പി. ബാലൻവൈദ്യർ ഉൾപ്പെടെയുള്ള നിയമസഭാ സാമാജികൻമാരെയും ഈ സഭയെയും അറിയിക്കാൻ ഗവൺമെൻറിന് അതിയായ സന്തോഷമുണ്ട്. പോസ്റ്റുമോർട്ടത്തിനുള്ള മുറിയിലെ ഫ്രീസറിന്റെ കാര്യം ശ്രീ. മുനീർ പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അതേക്കുറിച്ച് ഞാൻ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

## (6) ജപ്പാൻജ്വരംമൂലമെന്ന് സംശയിക്കപ്പെട്ട മരണങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കാഞ്ഞിരവിള ശ്രീ. ഭാസ്ക്കരന്റെ മകനും ചൂരക്കോട് എൻ. എസ്. എസ്. ഹൈസ്ക്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിയുമായ മാനോജ് 14 വയസ് മിനിഞ്ഞാന്ന് മരണമടയുകയുണ്ടായി. മെഡിക്കൽ കോളേജിൽനിന്ന് അവർക്ക് കുറിച്ചുകൊടുത്തിട്ടുള്ള റിപ്പോർട്ടിൽ cause of death ജപ്പാൻ ജ്വരമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. 12-ാം തീയതി മെഡിക്കൽ കോളേജിൽവച്ചാണ് ആ കുട്ടി മരിച്ചത്. ആ കുട്ടിയുടെ അച്ഛൻ കൂലിപ്പണിക്കാരനാണ്. അമ്മ അംഗൻവാടി ഹെൽപ്പറാണ്. സാമ്പത്തികമായി വളരെ പരാധീനത അനുഭവിക്കുന്ന ഒരു സാധു കുടുംബമാണ്. ഇതിനു പുറമെ ഒരു സംഭവം കൂടി എന്റെ നിയോജകമണ്ഡലത്തിലുണ്ടായി. സൂസൻ മാത്യു എന്ന് പേരുള്ള ഒരു കുട്ടി ഇവിടെ മെഡിക്കൽ കോളേജിൽവച്ച് മരിച്ചു. ആ കുട്ടിയെ അസുഖം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഡോക്ടർ അവരോട് മരുന്നു പുറത്തുനിന്ന് വാങ്ങി കൊടുക്കണമെന്ന് പറഞ്ഞു. ജപ്പാൻ ജ്വരത്തിനാവശ്യമായ മരുന്നുകളാണ് അവർ വിദേശത്തുനിന്ന് വരുത്തികൊടുത്തത്. 52,000 രൂപയുടെ മരുന്നുകൾ ആ രക്ഷകർത്താക്കളെക്കൊണ്ട് അവർ വാങ്ങിപ്പിച്ചു. ഈ മരുന്നുകൾ കുട്ടിക്കുവേണ്ടിത്തന്നെ വിനിയോഗിക്കുകയും ചെയ്തു. മരണത്തിനുശേഷം മരണത്തിന് കാരണം ജപ്പാൻ ജ്വരമല്ലെന്ന് ഡോക്ടർമാർ പറഞ്ഞതായിട്ടാണ് ഗവൺമെൻറ് റിക്കോർഡിൽനിന്ന് എനിക്ക് മനസ്സിലാകുന്നത്. അപ്പോൾ അസുഖം ബാധിക്കുന്ന സമയത്ത് ചികിൽസയ്ക്ക് ചെല്ലുമ്പോൾ ഒരു നിലപാട് എടുക്കുകയും ചികിൽസ കഴിഞ്ഞതിനുശേഷം മറ്റൊരു നിലപാട് വരികയും ചെയ്യുമ്പോൾ ഈ അസുഖത്തിനല്ല ചികിൽസ നടത്തിയത് എന്നൊരു ചിന്ത പൊതുവേ ജനങ്ങളിൽ ഉണ്ടാകുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാവുകയാണ്. എന്ത് പിഴവാണ് അവിടെ സംഭവിച്ചതെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ഗൗരവമായി അന്വേഷിച്ച് നടപടിയെടുക്കണം. ജപ്പാൻ ജ്വരം പടർന്നു പിടിച്ച സമയത്ത് അവിടെ വളരെ വിപുലമായ സന്നാഹങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രിക്കുതന്നെയായിരുന്നു പത്തനംതിട്ട ജില്ലയുടെ ചാർജ്. അതിന്റെ അടിസ്ഥാനത്തിൽ കളക്ടറും ഡി. എം. ഒ. യും ബന്ധപ്പെട്ട ആളുകളും ബഹുജന സംഘടനാ പ്രവർത്തകരും ജനപ്രതിനിധികളുമെല്ലാം ചേർന്ന് ചർച്ച നടത്തിയിരുന്നു. ആ യോഗത്തിൽ വച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പറഞ്ഞത് സൂസൻ മാത്യൂ എന്നു പറയുന്ന കുട്ടിയെ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളത് ജപ്പാൻ ജ്വരം മൂലമാണെന്നാണ്. അപ്പോഴാ യോഗത്തിൽവച്ച് പറയുകയും ചികിൽസ നടത്തുകയും ആ ചികിൽസയ്ക്ക് ആവശ്യമായ മരുന്ന് പുറത്തുനിന്ന്, ഗൾഫിൽനിന്ന് വാങ്ങിക്കൊടുക്കുകയും ചെയ്തതിനുശേഷം ആ കുട്ടി മരിച്ചു കഴിഞ്ഞപ്പോഴാ cause of death വേറെ ആണെന്ന് പറഞ്ഞ ഒരു സംഭവം നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ സംഭവത്തെക്കുറിച്ച് സത്യാവസ്ഥ അറിയുകയും കുടുംബത്തെ സഹായിക്കുന്നതിനുള്ള നടപടികളും ഉണ്ടാവുകയും ചെയ്യണം, അതോടൊപ്പം ഇതിനകത്ത് എന്തെങ്കിലും പിഴവുണ്ടായിട്ടുണ്ടോ എന്നുള്ളതുകൂടി പരിശോധിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ) : സർ, ഈ മനോജ് എന്നു പറയുന്ന 14 വയസ്സുള്ള കുട്ടി ഭാസ്കരൻ എന്നയാളുടെ മകനാണ്. മനോജിനെ 12-3-1996-ന് 11.45-ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗിയുടെ ശാരീരിക പരിശോധനയിലും നട്ടെല്ലിൽനിന്നുള്ള ദ്രാവകം പരിശോധിച്ചതിലും രോഗിക്ക് വിറുലൻറ് മെനഞ്ചൊറൈസ് എന്ന രോഗമാണെന്ന് സംശയാതീതമായി തെളിഞ്ഞു. നട്ടെല്ലിൽനിന്നുള്ള ദ്രാവകം പരിശോധിച്ചതിൽ ന്യൂട്രോഫിൽ എന്ന സെല്ലുകളും ധാരാളം ഉള്ളതായി കാണുകയുണ്ടായി. സർവ്വോപരി ഫ്ളൂയിഡ് വിശദമായ പരിശോധന നടത്തിയതിൽ ന്യൂമോകോക്കസ് എന്ന ബാക്ടീരിയയെ കണ്ടെത്തുകയും ചെയ്തു. ന്യൂമോകോക്കസ് എന്ന ബാക്ടീരിയമൂലം ഉണ്ടാകുന്ന വിറുലൻറ് മെനഞ്ചൊറൈസ് ആണ് രോഗമെന്ന് സ്ഥിരീകരിച്ചു. ഇ രോഗത്തിനുള്ള പെൻസിലിൻ, ക്ലോറോമൈസിൻ എന്നീ മരുന്നുകളും വിദഗ്ദ്ധമായ പരിചരണവും നൽകിയെങ്കിലും രോഗം മൂർച്ഛിച്ച നിലയിലായതിനാൽ രോഗിയെ രക്ഷപ്പെടുത്താനായില്ലെന്നാണ് മെഡിക്കൽ കോളേജ് സൂപ്രണ്ട് എനിക്ക് തന്നിട്ടുള്ള റിപ്പോർട്ട്. ആ കുട്ടിയുടെ മരണത്തിന് കാരണം ബാക്റ്റീരിയലായിട്ടുള്ള മെനഞ്ചൊറൈസ് ആണ്. സാധാരണ ജപ്പാൻ ജ്വരമെന്ന് പറയുന്നത് വൈറലാണ്. ക്ലിനിക്കൽ എക്സാമിനേഷനിൽതന്നെ പ്രൂവ് ചെയ്തിട്ടുള്ള ഒരു സംഗതിയാണിത്. അതുകൊണ്ട് ഇത് ജപ്പാൻ ജ്വരമെന്ന് അവർ എഴുതിക്കൊടുത്തുവെന്ന് എനിക്ക് തോന്നുന്നില്ല. കാരണം ആ കുട്ടിയുടെ കേസ് ഷീറ്റെല്ലാം എന്റെ കൈയിലുണ്ട്. കേസ് ഷീറ്റില്ലാത്ത കാര്യം ഉണ്ടാകാൻ വഴിയില്ലാത്തതാണ്. ഈ കാര്യത്തെ കുറിച്ച് ഞാൻ വളരെ വ്യക്തമായി പരിശോധിക്കാം. ശ്രീ. രാധാകൃഷ്ണനെ അതിന്റെ വിവരം അറിയിക്കുകയും ചെയ്യാം.

സർ, രണ്ടാമത്തെ കേസിൽ, ആ രോഗിയുടെ സ്രവം Pune National Institute of Virology-യിൽ അയച്ചിരുന്നു. അവിടെ നിന്നുള്ള റിപ്പോർട്ട് വന്നപ്പോഴാ അത് നെഗറ്റീവായിട്ടാണ് വന്നത്. ജപ്പാൻ ജ്വരമാണെന്നുള്ള സ്ഥിരീകരണം അതിൽ ഇല്ല. പക്ഷേ ആ പീരിയേഡിൽ ഏത് അസുഖം വന്നാലും ജപ്പാൻ ജ്വരമാണെന്ന് ആളുകൾ ധരിക്കുന്ന ഒരു സാഹചര്യമുണ്ടാക്കിയിരുന്നു. അത്തരത്തിലുള്ള ആശയക്കുഴപ്പം ചിലയിടത്തുണ്ടായിരുന്നു. ഇടുക്കിയിലെ കട്ടപ്പനയിൽ ഫെബ്രുവരി 12-ാം തീയതി സെയിൻറ് ജോൺസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച ഒരു കേസ് അത് ബയോജന്നിക് മെനഞ്ചൊറൈസ് ആയിരുന്നു. ബാക്ടീരിയൽ ഇൻഫെക്ഷനായിരുന്നു. പക്ഷേ മാർച്ച് മൂന്നാം തീയതിയോ നാലാം തീയതിയോ പത്രത്തിൽ അത് സംബന്ധിച്ച് ഒരു റിപ്പോർട്ട് വന്നത്, ജപ്പാൻ-ജ്വരം ഇടുക്കിയിലാകെ പടർന്നുവെന്നുള്ള രീതിയിലാണ്. അപ്പോഴത്തന്നെ ഞാൻ ഡി. എം. ഒ. യോട് അന്വേഷിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം അതിനെക്കുറിച്ച് അന്വേഷിച്ച് ബാക്ടീരിയലായിട്ടുള്ള മെനഞ്ചൈറ്റീസാണ്. എൻസഫലിറ്റിസ് ആണ് ജപ്പാൻ ജ്വരമല്ലെന്ന് വ്യക്തമായി പറഞ്ഞിരുന്നു. പക്ഷേ ജപ്പാൻ ജ്വരത്തിന്റെ ഇപ്പോഴത്തെ സ്ഥിതി നോക്കുകയാണെങ്കിൽ അതിന്റെ റേറ്റ് വളരെ കുറഞ്ഞിരിക്കുന്നു. പുതിയ കേസുകളും വളരെ അപൂർവ്വമായി ചിലയിടത്ത് വരുന്നു എന്നതൊഴിച്ചാൽ സ്ഥിതിഗതികളും പൂർണ്ണമായും നിയന്ത്രണാധീനമാണെന്ന കാര്യം പ്രത്യേകം അറിയിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് ഉടനെ തന്നെ നടപടികളും സ്വീകരിച്ചു. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും മറ്റു ലോക്കൽ ബോഡീസിന്റെയും സഹകരണത്തോടെ നടത്തിയ പരിശ്രമങ്ങൾക്ക് ഒരു ഫലമുണ്ടായിയെന്ന കാര്യം ഞാൻ പ്രത്യേകം പറയുകയാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞങ്ങളും പങ്കെടുത്ത ഒരു കോൺഫറൻസിൽ ജപ്പാൻ ജ്വരമാണെന്ന് ഡി. എം. ഒ. തന്നെ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളും അവിടെ കുറെ ക്രമീകരണങ്ങളും ചെയ്തു. പക്ഷേ റിപ്പോർട്ട് തിരിഞ്ഞുപോയതിനെക്കുറിച്ച അന്വേഷിക്കുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. എം. സുധീരൻ) : ആ കാലത്ത് വന്നിരുന്ന മിക്ക കേസുകളും ജപ്പാൻ ജ്വരമാണെന്നുള്ള നിഗമനത്തിൽ നോക്കിയിരുന്നു. പിന്നെ പൂനയിൽനിന്ന് അതിന്റെ ഡയറക്ടർ ഡോക്ടർ കല്യാൺ ബാനർജി വന്നപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയി രോഗികളുടെ സ്ലൈഡ് കൊണ്ടുപോയി പരിശോധിച്ച് റിസൾട്ട് തന്നിരുന്നു. ഇതുമാത്രമല്ല 51 കേസുകളും പൂനയിൽ പരിശോധിച്ചതിൽ 21 കേസുമാത്രമാണ് ജപ്പാൻ ജ്വരമാണെന്ന് റിപ്പോർട്ട് വന്നിട്ടുള്ളത്.

## (7) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, നമ്മുടെ സംസ്ഥാനത്ത് ജനങ്ങളെ തീറ്റിപ്പോറ്റുന്ന കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് കേരളത്തിലെ നെൽക്കൃഷിക്കാർ. എന്നാൽ നെൽക്കൃഷിക്കാരന് അവൻ ഉണ്ടാക്കുന്ന നെല്ലിന് വില കിട്ടാതെ വളരെയധികം വിഷമിക്കുകയാണ്. വർദ്ധിച്ചു വന്നിട്ടുള്ള കാർഷികോൽപ്പാദനച്ചെലവും ജീവിതച്ചെലവും കണക്കാക്കി നെല്ലിന് ആദായമായ വില നിശ്ചയിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ രാജ്യത്തെ മുഖ്യ ആഹാരമാണ് അരി. ഇന്ന് നെല്ലിന്റെ ഉൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നെല്ലുൽപാദിപ്പിക്കുന്ന ഭൂമിയുടെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന് പ്രധാന കാരണം നെൽക്കൃഷി ലാഭകരമല്ലെന്നുള്ളത് തന്നെയാണ്. ഇപ്പോൾ കൊയ്ത്തു സീസനാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് അയൽ സംസ്ഥാനങ്ങളിൽനിന്നും പാവപ്പെട്ട കൃഷിക്കാരെ പറഞ്ഞിക്കാൻവേണ്ടി ആളുകൾ വന്നിട്ടുണ്ട്. പവർക്കട്ടുമൂലം നമ്മുടെ സംസ്ഥാനത്തെ മില്ലുകാർ ഇപ്പോൾ നെല്ല് എടുക്കുന്നില്ല. ഇവിടത്തെ മില്ലുകാർ നെല്ല് എടുക്കാത്ത അവസ്ഥ അയൽ സംസ്ഥാനക്കാർ മനസ്സിലാക്കി ഏറ്റവും ചുരുങ്ങിയ വില നൽകി ഈ പാവപ്പെട്ട നെൽക്കൃഷിക്കാരെ ചൂഷണം ചെയ്യാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന മണ്ണിന്റെ മക്കളായ അവരെ നിലനിറുത്താൻ, കാർഷികമേഖലയെ രക്ഷിക്കാൻ നെല്ലിന് ആദായകരമായ വില നിശ്ചയിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly